# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.84 - 30/11/2015 ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ(ഉദുമ) | ശ്രീ.ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |

### റവന്യൂ കമ്മി ഗ്രാന്റ്

| ചോദ്യം | മറുപടി |
|---|---|
| (എ)<br>റവന്യൂ കമ്മി ഗ്രാന്റ് ലഭിക്കുന്നതിലേക്ക് പതിനാലാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ച വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു; അതിൽ ഏതെല്ലാം സർക്കാർ പാലിക്കുകയുണ്ടായി; | 2015-16, 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലേയ്ക്ക് മാത്രമായി കേരള സംസ്ഥാനത്തിനായി വകയിരുത്തിയിരിക്കുന്ന റവന്യൂ കമ്മി ഗ്രാന്റ് ലഭിക്കുന്നതിലേയ്ക്കായി പതിനാലാം ധനകാര്യ കമ്മീഷൻ പ്രത്യേകിച്ച് വ്യവസ്ഥകളൊന്നും നിർദ്ദേശിച്ചിട്ടില്ല. |
| (ബി)<br>റവന്യൂ കമ്മി ഗ്രാന്റ് ധനകാര്യ കമ്മീഷൻ അവാർഡ് ചെയ്ത പ്രകാരം ലഭിക്കാനർഹതയുണ്ടായിരുന്ന തുക എത്ര; 2015-16 ന് എത്രയായിരുന്നു അർഹതയുണ്ടായിരുന്നത്; ലഭിച്ചത് എത്ര; | റവന്യൂ കമ്മി ഗ്രാന്റ്, ധനകാര്യ കമ്മീഷൻ അവാർഡ് ചെയ്ത പ്രകാരം ലഭിക്കാനർഹതയുണ്ടായിരുന്ന തുക 9519 കോടി രൂപയാണ്. 2015-16 ന് 4640 കോടി രൂപ അർഹതയുണ്ടായിരുന്നു. ഇതിൽ നിന്നും, 2015 നവംബർ വരെ 3093.36 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (സി)<br>അതിന്റെ ഭാഗമായി റവന്യൂ കമ്മിയിൽ എത്ര കുറവ് വരുകയുണ്ടായി; 2015-16ൽ റവന്യൂ കമ്മി എത്ര കോടി ആയിരിക്കുമെന്നാണ് ബഡ്ജറ്റിൽ കണക്കാക്കിയിരുന്നത്; അത് എത്രയായി തീർന്നിട്ടുണ്ട്? | പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശയുടെ ഭാഗമായി റവന്യൂ കമ്മിയിലുണ്ടാകുന്ന കുറവ് ഇപ്പോൾ വിലയിരുത്തിയിട്ടില്ല. 2015-16 സാമ്പത്തിക വർഷം അവസാനിക്കുന്ന മുറയ്ക്ക് ഇതിന്റെ കണക്കുകൾ കണക്കാക്കുന്നതാണ്. 2015-16 ൽ റവന്യൂ കമ്മി 7831.92 കോടി രൂപ ആയിരിക്കുമെന്നാണ് ബഡ്ജറ്റിൽ കണക്കാക്കിയിരിക്കുന്നത്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2015-16 സാമ്പത്തിക വർഷം സെപ്റ്റംബർ വരെ അത് 2594 കോടി രൂപ ആയിത്തീർന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ